**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **12.10.2011-ൽ മറുപടിയ്ക്ക്**

**ചോദ്യം നമ്പർ. 2767**

## വേതന പൂരക പദ്ധതി പ്രകാരം തൊഴിലാളികൾക്ക് വേതനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.:എളമരം കരീം: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) വേതന പൂരക പദ്ധതി പ്രകാരം 2010-11 വർഷത്തേക്ക് എത്ര തുകയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ; | (എ) വേതന പൂരക പദ്ധതി പ്രകാരം 2010-11 വർഷത്തേക്ക് തുകയൊന്നും അനുവദിച്ചിരുന്നില്ല. എന്നാൽ പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക താങ്ങൽ പദ്ധതി എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 50 കോടി രൂപ അനുവദിച്ചിരുന്നു. |
| (ബി) പ്രസ്തുത തുക ഏതെല്ലാം വിഭാഗം തൊഴിലാളികൾക്ക് എത്ര വീതമാണ് അനുവദിച്ചത്; | (ബി) കൈത്തറി, ഖാദി മേഖലയിലെ തൊഴിലാളികൾക്ക് ആവശ്യമായ തുക നൽകുന്നതിനായി 20 (ഇരുപത്) കോടി രൂപ വാണിജ്യ വ്യവസായ വകുപ്പിനും 20 (ഇരുപത്) കോടി രൂപ കയർ വികസന വകുപ്പിനും 10 കോടി രൂപ ഫിഷറീസ് വകുപ്പിനും അനുവദിച്ചിരുന്നു. |
| (സി) മേൽ തുക, ഓരോ വിഭാഗം തൊഴിലാളികൾക്കും വിതരണം ചെയ്തിട്ടുണ്ടോ; | (സി) വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പൂർണ്ണമായിട്ടില്ല. |
| (ഡി) ഇല്ലെങ്കിൽ ഉടൻ വിതരണം ചെയ്യാൻ നടപടി കൈക്കൊള്ളുമോ? | (ഡി) കയർ വികസന ഡയറക്ടറുടെ കാര്യാലയത്തിലും ഖാദി ബോർഡിലും തുക വിനിയോഗം പൂർത്തിയായതായും വിനിയോഗ സർട്ടിഫിക്കറ്റ് ഉടൻ സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൈത്തറി മേഖലയിലെ തുക വിതരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ വാണിജ്യ വ്യവസായ വകുപ്പ് ഡയറക്ടർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ